# പ്രവാചക ചരിത്രത്തിന്റെ പൊരുൾ തേടി ‘ബൂലോഗ’ത്തൊരു തീർഥയാത്ര

**ആശയവിനിമയത്തിന്റെ** പുത്തൻ സൈബർ മാധ്യമമായ ബ്ലോഗുകളുടെ മലയാളം പതിപ്പായ ‘ബൂലോഗ’ത്ത് ഇസ്‌ലാമിക ചരിത്ര സ്പർശവുമായി ഒരു തീർഥയാത്ര. അന്ത്യപ്രവാചകൻ മുഹമ്മദ് നബി(സ)യുടെ ജീവിതകാലഘട്ടത്തെ ഹൃദയസ്പൃക്കായി പുനരവതരിപ്പിക്കുന്ന സാർഥവാഹക സംഘം (http://pathwaytomadina.blogspot.com) എന്ന ബ്ലോഗാണ് പ്രവാചക ജീവിതത്തിന്റെ നേർകാഴ്ചകളിലൂടെ ഇസ്‌ലാമിക സംസ്കാരത്തിന്റെ ചരിത്രവും പ്രാധാന്യവും വായനക്കാർക്ക് പകർന്നേകുന്നത്.

കഴിഞ്ഞ ഒരു വർഷത്തിലേറെയായി തുടർന്നുവന്നിരുന്ന ഈ യാത്രാ വിവരണ കുറിപ്പുകളുടെ അവസാന ഭാഗം കഴിഞ്ഞ ദിവസം ബ്ലോഗിൽ പോസ്റ്റ് ചെയ്യപ്പെട്ടതോടെ ഇരുപത്തിയാറ് ഭാഗങ്ങളുള്ള പരമ്പരക്ക് പര്യവസാനമായി. മക്കയുടെയും മദീനയുടെയും മണ്ണിൽനിന്നുകൊണ്ട് ഒരു തീർഥാടകൻ തന്റെ മാതൃകാ ഗുരുവിനെ കണ്ടെത്തുന്നതെങ്ങനെയെന്ന് ഈ യാത്രാവിവരണ പരമ്പര വായനക്കാരന് മുമ്പിൽ വരഞ്ഞിടുന്നു.

വായിച്ചു മടുത്ത യാത്രാ വിവരണങ്ങളുടെ പതിവുശൈലിയിൽനിന്ന് വഴിമാറി, വായനക്കാരെ കൂടി യാത്രാ സംഘത്തിൽ അണിനിരത്താൻ പോന്ന അവതരണ രീതി ഈ ബ്ലോഗിന്റെ പ്രത്യേകതയാണ്. അന്ത്യപ്രവാചകന്റെയും സന്തത സഹചാരികളുടെയും ജീവിതചര്യ നെഞ്ചേറ്റു വാങ്ങിയ ഇസ്മാഈൽ എന്ന വയോധികന്റെയും പ്രവാചകന്റെ പാദസ്പർശം പതിഞ്ഞ മണ്ണിൽ പിറക്കാനായത് ജന്മസുകൃതമായി കരുതുന്ന സഊദ് എന്ന മദീനാ നിവാസിയുടെയും നിറംമങ്ങാത്ത ഓർമകളിലൂടെയാണ് ഈ തീർഥാടക സംഘത്തിന്റെ പ്രയാണം. മാനവ സമൂഹത്തിന് വഴികാട്ടിയായി മുമ്പേ നടന്നു നീങ്ങിയ വിശ്വനായകന്റെ കർമപഥം അകക്കണ്ണു കൊണ്ട് വായിച്ചെടുത്ത് കാലം അതിന്റെ ഹൃദയപേടകത്തിനുള്ളിൽ കരുതിവെച്ച ചരിത്ര യാഥാർഥ്യങ്ങളെ വായനക്കാരന് പകർന്നേകാൻ ഈ കുറിപ്പുകൾക്ക് കഴിയുന്നുണ്ട്. ഹിറാ ഗുഹയിലെ ദിവ്യബോധനം തൊട്ട് പ്രവാചക ജീവിതത്തിന്റെ വിവിധ കാലഘട്ടങ്ങളിലൂടെ കടന്നുപോയി മക്കാ വിജയവും ഹജ്ജത്തുൽ വിദാഉം തുടർന്നുള്ള വിടവാങ്ങൽ പ്രസംഗവും പിന്നിട്ട് ഒടുവിൽ നബി(സ)യുടെ ദേഹവിയോഗത്തോടെയാണ് ഈ യാത്രാ വിവരണ പരമ്പരക്ക് വിരാമമാകുന്നത്.

ഇസ്‌ലാമിക നാഗരികതയിലെ ഉജ്ജ്വല ചരിത്ര മുഹൂർത്തങ്ങൾ അതിനനുസൃതമായ ആഖ്യാന ശൈലിയോടെ പറയുമ്പോൾ പൗരാണിക മദീനയുടെയും ഗതകാല പാരമ്പര്യത്തിന്റെയും രേഖാചിത്രങ്ങൾ അനുവാചകന്റെ മനസ്സിൽ ഇടം പിടിക്കുന്നു. ഒരു കാലഘട്ടത്തിന്റെ അടയാള വാക്യങ്ങൾക്കപ്പുറത്ത് അത് സമൂഹത്തിൽ ചെലുത്തിയ സ്വാധീനവും അതുവഴി ഇസ്‌ലാമിക നാഗരികതയുടെ ഉയിർത്തെഴുന്നേൽപിന്റെ ചരിത്രവും ഇതൾവിരിയുന്നു.

പ്രവാചക സരണിയിൽനിന്ന് കുതറിമാറാൻ ശ്രമിക്കുന്ന വർത്തമാനകാല മുസ്‌ലിം സമൂഹത്തെ ഇന്നലെകളിലേക്കുള്ള തിരിച്ചുനടത്തത്തിന് പ്രേരിപ്പിക്കുന്ന ഈ കുറിപ്പുകൾ, ഒരു കാലഘട്ടത്തിലേക്കുള്ള വീണ്ടുവിചാരത്തിന്റെ ഉള്ളുണർത്തൽ കൂടിയാണ്.

ഗതകാല സ്മൃതികൾ വീണുകിടക്കുന്ന മണ്ണിൽനിന്ന് സ്വരുക്കൂട്ടിയെടുത്ത ചരിത്രമുത്തുകളുമായി മടക്കയാത്രക്കൊരുങ്ങുമ്പോൾ വീണ്ടുമൊരു കൂടിച്ചേരലിന് കാലം കൈപിടിച്ചെത്തുമെന്ന ശുഭപ്രതീക്ഷ ബാക്കിവെച്ചാണ് ഈ സാർഥവാഹക സംഘം പ്രവാചകന്റെ മണ്ണിനോട് വിടപറയുന്നത്.

പ്രവാചകന്റെ ദൗത്യവും സന്ദേശവും ഏറെ തെറ്റിദ്ധരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന വർത്തമാനകാലത്ത് സ്വതന്ത്ര മാധ്യമാവിഷ്കാരമായ ബ്ലോഗുകൾ പോലുള്ള നൂതന സാങ്കേതിക സംവിധാനങ്ങളുടെ പിൻബലത്തോടെ ക്രിയാത്മകമായ ഇടപെടലുകളുടെ പ്രസക്തിയേറുന്നുവെന്നതിന്റെ അനുഭവസാക്ഷ്യമാണ് ഈ ബ്ലോഗിന് വായനക്കാരിൽനിന്ന് ലഭിക്കുന്ന പ്രതികരണങ്ങൾ. തങ്ങൾക്ക് ഇന്നേവരെ മനസ്സിലാക്കാൻ സാധിച്ചിട്ടില്ലാത്ത ഇസ്‌ലാമിക നാഗരികതയുടെ വളർച്ചയും വികാസവും പ്രവാചക ജീവിതത്തിന്റെ നേർക്കാഴ്ചകളും ഈ ഇലക്ട്രോണിക് വായനയിലൂടെ നേടാനായതായി വായനക്കാരുടെ പ്രതികരണങ്ങൾ വിളിച്ചോതുന്നു.

മലയാള ബ്ലോഗുകളുടെ ചരിത്രത്തിൽ ഇദംപ്രഥമമായി ഒന്നര വർഷത്തിലേറെ മുടങ്ങാതെ ഒരു യാത്രാ വിവരണ പരമ്പര പ്രസിദ്ധപ്പെടുത്താനായി എന്നതാണ് ഇതര ബ്ലോഗുകളിൽനിന്ന് ഇതിനെ വേറിട്ടുനിർത്തുന്നത്. ഇന്നേവരെ പ്രവാചക നഗരി സന്ദർശിക്കാൻ അവസരം കൈവന്നിട്ടില്ലാത്ത ഒരാൾ തന്റെ വായനയിലൂടെയും അറിവിലൂടെയും സ്വരുക്കൂട്ടിവെച്ച ഓർമച്ചിത്രങ്ങളുമായാണ് മദീനയുടെ മണൽത്തരികളിലൂടെ കഥ പറഞ്ഞുനീങ്ങുന്നുവെന്നത് വായനക്കാരെ അത്ഭുതപ്പെടുത്തും. ദുബൈയിൽ ജോലി ചെയ്യുന്ന കാടാമ്പുഴ മാറാക്കര സ്വദേശി ‘ഇത്തിരിവെട്ടം’ എന്ന ബ്ലോഗ് നാമത്തിൽ അറിയപ്പെടുന്ന റഷീദ് ചാലിൽ ആണ് ഇന്നലെകളുടെ അനശ്വരമുഹൂർത്തങ്ങളിലേക്ക് വായനക്കാരെ കൂട്ടിക്കൊണ്ടുപോകുന്നത്. ഇരുപത്തിയാറ് ഭാഗങ്ങളിലായി പ്രസിദ്ധീകരിക്കപ്പെട്ട ഈ യാത്രാവിവരണ പരമ്പര ബ്ലോഗിന് പുറത്തുള്ളവർക്കു കൂടി എത്തിക്കുകയെന്ന ഉദ്ദേശ്യത്തോടെ പുസ്തകമാക്കി പുറത്തിറക്കാനുള്ള തയാറെടുപ്പിലാണ് ബ്ലോഗിലെ ഇദ്ദേഹത്തിന്റെ സുഹൃത്തുക്കൾ.

സന്ദർശനത്തിന്: http//athwaytomadiana.blogspot.com

**തൗഫീഖ് പാറമ്മൽ**
thoufiparammal.gmail.com